# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഫോൺ നം: 0484 2369011, 2369007
2369196, 2369143, 2369197
ഇ-മെയിൽ: *kochicorpsecretary@gmail.com*
വെബ്സൈറ്റ്: *https://kochicorporation.lsgkerala.gov.in*

പാർക്ക് അവന്യൂ റോഡ്
പി.ബി. നമ്പർ: 1016
എറണാകുളം, കൊച്ചി-682011
GSTIN: 32AAALC1079K2ZB

## ടെണ്ടർ നോട്ടീസ്

MOR4/639132/2024

Date – 02.12.2024

കൊച്ചി നഗരസഭയുടെ അധിനതയിലുള്ള കലൂർ അറവു ശാലയുടെ കുത്തകാവകാശം 01.01.2025 മുതൽ ഒരു വർഷക്കാലയളവിലേയ്ക്കോ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ആധുനിക അറവുശാലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭ നിശ്ചയിക്കുന്ന ദിവസം വരെയോ ഏതാണ് ആദ്യം വരുന്നത് എന്നതിന്റെ അടിസ്ഥാനത്തിലുള്ള കാലയളവിലേയക്ക് അനുവദിക്കുന്നതിന് മത്സര സ്വഭാവമുള്ള ഇ-ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. മുഖവിലയായ 2696620/- രൂപയേക്കാൾ ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്നവർക്ക് ടെണ്ടർ ഉറപ്പിക്കുന്നതാണ്.

ടെണ്ടർ ഫോം ഫീ - 5000/- രൂപ

നിരതദ്രവ്യം - 60000/- രൂപ

ടെണ്ടർ വിവരങ്ങൾ സൈറ്റിൽ ലഭിക്കുന്ന സമയം : 05.12.2024 11.00 AM

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി : 18.12.2024 6.00 PM

ടെണ്ടറിൽ അപ്ലോഡ് ചെയ്യുന്ന വിവരങ്ങളും, സോൾവൻസി / ബാങ്ക് ഗ്യാരൻറി എന്നിവയുടെ അസൽ പകർപ്പുകളും, ഒപ്പു വെച്ച ടെണ്ടർ നിബന്ധനയും റവന്യൂ നോൺടാക്സ് വിഭാഗത്തിൽ നേരിട്ട് ഹാജരാക്കേണ്ട അവസാന തീയതി : 21.12.2024 5; 00 PM വരെ

ടെണ്ടർ തുറക്കുന്ന തീയതി : 23.12.2024 11.00 AM

ലൈസൻസികൾക്ക് ഇ-ടെണ്ടർ സൈറ്റിൽ ക്വാട്ട് ചെയ്യുന്നതിനായി അവരവരുടെ പേരിലുള്ള ഡിജിറ്റൽ സിഗനേച്ചർ സർട്ടിഫിക്കറ്റ് മുഖേന മാത്രമേ സാധിക്കുകയുള്ളൂ.

ടെണ്ടറിന്റെ വിശദാംശങ്ങൾ കൊച്ചി നഗരസഭാ മെയിൻ ഓഫീസ് റവന്യൂ നോൺ ടാക്സ് വിഭാഗത്തിൽ നിന്നും **9539657471** എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ പ്രവർത്തന സമയങ്ങളിൽ ലഭ്യമാണ്. കൂടാതെ മേൽ വിവരങ്ങൾ www.kochicorporation.lsgkerala.gov.in / tender.lsgkerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

OFFICE OF THE CORPORATION OF COCHIN
ERNAKULAM, COCHIN - 11

റവന്യൂ ഓഫീസർ,
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.

# കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

ഫോൺ നം: 0484 2369011, 2369007
2369196, 2369143, 2369197
ഇ-മെയിൽ: kochicorpsecretary@gmail.com
വെബ്സൈറ്റ്: https://kochicorporation.lsgkerala.gov.in

പാർക്ക് അവന്യൂ റോഡ്
പി.ബി. നമ്പർ: 1016
എറണാകുളം, കൊച്ചി–682011
GSTIN: 32AAALC1079K2ZB

## കൊച്ചി കോർപ്പറേഷന്റെ അധീനതയിലുള്ള കലൂർ അറവുശാലയുടെ ടെണ്ടർ നിബന്ധനകൾ

MOR4/639132/2024 Date – 02.12.2024

1. കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കലൂര് അറവുശാലയുടെ കുത്തകാവകാശം **01/1/2025** മുതൽ ഒരു വർഷ കാലയളവിലേക്കോ കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള ആധുനിക അറവുശാലയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നഗരസഭ ആവശ്യപ്പെടുന്ന ദിവസം വരെയോ ഏതാണോ ആദ്യം വരുന്നത് എന്നതിന്റെ അടിസ്ഥാനത്തിലുള്ള കാലയളവിലേക്ക് ബഹു.നഗരസഭ കൗൺസിലിന്റെ **12/09/2024** തീയതിയിലെ **58**ാം നമ്പർ തിരുമാനപ്രകാരം നിബന്ധനകൾക്ക് വിധേയമായി ഇ-ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു.
2. ക്വാട്ട് ചെയ്യുന്ന കിസ്ത് തുക മുഴുവനും ഒറ്റത്തവണയായി ടെണ്ടർ ക്വാട്ട് ചെയ്തതിന് അടുത്ത പ്രവൃത്തി ദിവസം മുതൽ 21.12.2024 വൈകുന്നേരം 5.00 മണിക്ക് മുൻപായി റവന്യൂ നോൺടാക്സ് വിഭാഗത്തിൽ കുത്തകക്കാരൻ നേരിട്ട് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടിയാളുടെ ടെണ്ടർ

അസാധുവായി പരിഗണിക്കുന്നതുമായിരിക്കും. കൂടാതെ, ടെണ്ടർ ലഭ്യമാകുന്ന ലൈസൻസി വാട്ടർ ഡെപ്പോസിറ്റ് (1,50,000/-രൂപ), ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് (1,00,000/- രൂപ) എന്നിവയുടെ ആകെ തുക സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻറെ പേരിൽ ഡിമാൻറ് ഡ്രാഫ്റ്റ് ആയി നോട്ടീസ് ലഭ്യമായി 7 ദിവസത്തിനുള്ളിൽ കരാറിനോടൊപ്പം റവന്യൂ നോൺടാക്സ് വിഭാഗത്തിൽ കുത്തകക്കാരൻ നേരിട്ട് ഹാജരാക്കേണ്ടതും,. നിയമാനുസൃതമായ ജി.എസ്.ടി.വിഹിതങ്ങളും നഗരസഭയിൽ അടവാക്കേണ്ടതുമാണ്.

3. ടെണ്ടർ തീയതി ഏതെങ്കിലും കാരണവശാൽ പൊതു അവധിയായി പ്രഖ്യാപിക്കുന്നപക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയക്രമത്തിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
4. നിലവിൽ കുത്തക ഇനം ഏറ്റെടുത്ത് കുടിശ്ശിക ഉള്ള വ്യക്തികൾക്ക് ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ സാധിക്കുന്നതല്ല.
5. കലൂർ അറവുശാലയുടെ ടെണ്ടറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങള് പ്രവൃത്തി ദിവസങ്ങളിൽ റവന്യൂ നോൺടാക്സ് വിഭാഗത്തിൽ നിന്നും അറിയാവുന്നതാണ്.

ഫോൺ നമ്പർ - 0484-2369007, 9539657471

വെബ് സൈറ്റ് - www.kochicorparationlsgkerala.gov.in/tender.lsgkerala.gov.in/user, https://www.etenders.kerala.gov.in/

6. കലൂർ അറവുശാലയുടെ നിലവിലെ വാടക 6716/- രൂപയാണ്. ആയതിൽ 10% വർദ്ധനവ് വരുത്തിയ തുകയായ 7388/- രൂപ ദിവസ

വാടകയുടെ മുഖവിലയായ 26,96,620/- രൂപ വാർഷിക മുഖവിലയായും നിശ്ചയിച്ചിട്ടുള്ളതാണ്.

7. ടെണ്ടർ ഫോം ഫീ - 5000/- രൂപ
8. നിരതദ്രവ്യം (EMD) – 60,000/- രൂപ
9. കശാപ്പ് ശാല

   ആട് 1 ന് 50/- രൂപ

   മാട് 1 ന് 100/- രൂപ

   പന്നി 1ന് 50/-രൂപ

10. ഇ-ടെണ്ടറിൻറെ ഏതൊരു ഘട്ടത്തിലും, യാതൊരു കാരണവും ബോധിപ്പിക്കാതെ തന്നെ ടെണ്ടർ നടപടികൾ റദ്ദ് ചെയ്യുന്നതിന് മുനിസിപ്പൽ സെക്രട്ടറിക്കോ, സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കുന്നതാണ്.
11. കൌൺസിൽ തീരുമാന പ്രകാരം ടെണ്ടർ/ലേലം ഉറപ്പിച്ചതിനു ശേഷം നഗരസഭയ്ക്ക് ഉണ്ടാകുന്ന എല്ലാവിധ ധനനഷ്ടത്തിനും ടെണ്ടറുകാരൻ ഉത്തരവാദിയായിരിക്കുന്നതും, ആയതുമൂലമുള്ള റവന്യൂ നഷ്ടം ടെണ്ടറുകാരൻറെ പേരിൽ നിന്നും നിയമപരമായി ഈടാക്കുന്നതുമായിരിക്കും.
12. ഓരോ ടെണ്ടറുകാരനും ടെണ്ടറിൽ കാണിച്ചിരിക്കുന്ന മേൽവിലാസം തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.(ആധാർ കാർഡ്, വോട്ടേഴ്സ് ഐഡി, പാൻ കാർഡ്, വില്ലേജിൽ കരം അടച്ച രസീത്)
13. അറവുശാലയുടെ കുത്തക നഗരസഭാ സെക്രട്ടറിയുടേയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാരുടേയോ

ശ്രദ്ധയിലും മേൽനോട്ടത്തിലും നടത്തപ്പെടുന്നതും, കുത്തകക്കാരൻ സെക്രട്ടറിയുടെയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാരോ അതാതു സമയം കല്പിക്കും പ്രകാരം പ്രവർത്തിക്കേണ്ടതുമാകുന്നു.

14. കുത്തകക്കാരൻ മരണപ്പെടുകയോ, കടപ്പെടുത്തുകയോ, നിർധനനാവുകയോ ചെയ്താൽ അയാളുടെ അവകാശികളോ, പിൻതുടർച്ചക്കാരോ ബാദ്ധ്യസ്ഥന്മാരോ കുത്തകകളിലുള്ള നിശ്ചയങ്ങളും, ബാധ്യതകളും തുടർന്ന് നിറവേറ്റേണ്ടതാകുന്നു. എന്നാൽ അങ്ങനെയുള്ളവർ കുത്തക തുടരേണ്ടതില്ലെന്ന് കൌൺസിൽ തീർച്ചയാക്കിയാൽ തുടർന്നുപോകുവാൻ അവർക്ക് അവകാശമില്ലാത്തതാകുന്നു.
15. കുത്തകയ്ക്ക് എടുത്തിട്ടുള്ള സ്ഥലം കരാറിൽ പറയുന്ന ആവശ്യത്തിനല്ലാതെ വേറെ യാതൊരു ആവശ്യങ്ങൾക്കും സെക്രട്ടറിയുടെ പ്രത്യേക അനുമതി കൂടാതെ ഉപയോഗിക്കുവാൻ പാടുള്ളതല്ല.
16. സ്ഥിരീകരണാധികാരിയുടെ അഭിപ്രായത്തിൽ ടെണ്ടർ സംഖ്യ മതിയാകുന്നില്ലായെന്ന് തോന്നുന്ന പക്ഷം വീണ്ടും ടെണ്ടർ നടത്തുവാൻ തിരുമാനിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
17. ടെണ്ടർ ഉറപ്പിക്കുന്ന കുത്തകക്കാരൻ കിസ്ത് തുക മുഴുവൻ ഒറ്റത്തവണയായി സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻറെ പേരിൽ അടവാക്കാത്ത പക്ഷം കരാറുകാരൻറെ പേരിൽ ഉറപ്പിച്ച ടെണ്ടർ റദ്ദ് ചെയ്യുന്നതും, കരാറുകാരൻറെ നഷ്ടോത്തരവാദിത്വത്തിൽ റീ-ടെണ്ടർ ചെയ്യുന്നതും, മറ്റ് ടെണ്ടറുകളിൽ പങ്കെടുക്കുന്നതിൽ നിന്നും

ടിയാനെ ഒഴിവാക്കുന്നതും, കരിമ്പട്ടികയിൽ പെടുത്തുന്നതുമായിരിക്കും.

18. ജാമ്യ സംഖ്യ കെട്ടി കരാർ എഴുതിയതിനു ശേഷം അതാതു അധികാരികളുടെ രേഖാമൂലമായ അനുവാദം കൂടാതെ ടെണ്ടർ അവകാശം മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യുകയോ, കീഴ്ക്കരാർ ആയി ഏല്പിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല. അത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ കുത്തക റദ്ദ് ചെയ്യുവാൻ നഗരസഭാ സെക്രട്ടറിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

പ്രത്യേക നിബന്ധനകൾ

1. കോർപ്പറേഷന് വക കശാപ്പുശാല കെട്ടിടങ്ങൾക്ക് കുത്തകക്കാരന്റെ ശ്രദ്ധക്കുറവിനാലോ മറ്റോ കേടുപാടുകൾ വരുന്നതായാല് കുത്തകക്കാരൻ ഉത്തരവാദി ആയിത്തീരുന്നതും ടി പണികള് കോർപ്പറേഷനില് നിന്നും ചെയ്യിച്ച് ചിലവുകള് കുത്തകക്കാരനില് നിന്നും വസൂലാക്കുന്നതുമാകുന്നു.

2. കുത്തകക്കാരൻ കാശാപ്പുമുറികളും ചുറ്റുപാടുകളും വൃത്തിയായി സൂക്ഷിക്കേണ്ടതാകുന്നു. അറവുശാലകുടെ ശുചീകരണകാര്യത്തിൽ അറവുശാലയ്ക്കകത്തും പരിസരത്തും ശുചീകരണം കുത്തകക്കാരൻ തന്നെ ചെയ്യേണ്ടതും മൃഗങ്ങളുടെ കുടലും മറ്റു ഉപയോഗശൂന്യമായ വസ്തുക്കളും കുത്തകക്കാരൻ സ്വന്തം ചിലവില് നീക്കം ചെയ്യേണ്ടതുമാണ്. ടി ആവശ്യത്തിനുള്ള വാഹനം, സ്ഥലം

കുത്തകക്കാരൻ സ്വന്തം ഉത്തരവാദിത്വത്തിലും ചിലവിലും കണ്ടുപിടിക്കേണ്ടതാണ് .

3. വെറ്റിനറി സർജനോ, ഹെൽത്താ ഫിസറാേ പരിശോധിച്ചു പാസ്സാക്കാത്ത ഒരു മൃഗത്തിനേയും അറക്കുവാൻ പാടില്ലാത്തതും അതിനുശേഷം മനുഷ്യർക്ക് ഭക്ഷിക്കുവാന് കൊള്ളാവുന്നതെന്നു കാണിക്കുന്ന കൗൺസില് മുദ്രയിത്മാതെ അത് നീക്കം ചെയ്യുവാന് പാടില്ലാത്തതുമാകുന്നു .

4. കുത്തകക്കാരൻ ദിവസത്തിൽ രണ്ടു പ്രാവിശ്യം കശാപ്പുമുറികൾ വെടിപ്പായി തേച്ചുകഴുകേണ്ടതാണ് .

5. കശാപ്പിനു കന്നുകാലി ഉടമകൾ കശാപ്പിനുമുമ്പ് അനുവദനീയമായ ഫീസ് കുത്തകക്കാരന് കൊടുക്കേസ്സതും രസീതു വാങ്ങേണ്ടതുമാണ് . കുത്തകക്കാരൻ വെറ്റിനറി സർജന് പാസ്സാക്കിയ ഉരുക്കളെ മാത്രമേ അറക്കുവാൻ അനുവദിക്കാന് പാടുള്ളൂ. അനുവദിച്ചു എന്നു കാണിക്കുന്ന വെറ്റിനറി സർജന്റെ രേഖ വാങ്ങി സൂക്ഷിക്കേണ്ടതും . വെറ്റിനറി ഡോക്ടറെ ഏണ്ഡപ്പിക്കേണ്ടതുമാണ്.

6. കുത്തകക്കാരൻ ധാരാളം ശുദ്ധജലം സൂക്ഷിക്കേണ്ടതാണ്.

7. കശാപ്പു ചെയ്ത മൃഗങ്ങളുടെ കുടലും മറ്റും മൂന്നുമണിക്കൂറിനുള്ളിൽ നീക്കം ചെയ്യേണ്ടതാണ്. നീക്കം ചെയ്തിത്മെങ്കിൽ അവയെ വെറ്റിനറി സർജനോ, സെക്രട്ടറിയോ, ഹെൽത്താ ഫിസറാേ കൽപ്പിക്കും പ്രകാരം കോർപ്പറേഷന് ഉദ്യോഗസ്ഥർ നീക്കം ചെയ്ത് ഇഷ്ടം പോലെ വിൽക്കുന്നതും വിറ്റു കിട്ടുന്ന സംഖ്യ കോർപ്പറേഷന് ഫസ്സിലേയ്ക്ക്

മുതണ്ഡക്കൂട്ടുന്നതുമാകുന്നു. കുടലുകൾ, മാംസം മറ്റു സാധനങ്ങൾ എന്നിവ കശാപ്പുശാലയിൽ വിൽക്കാവുന്നതല്ല.

8. അറക്കുവാൻ കൊണ്ടുവരുന്ന മൃഗങ്ങളെ കശാപ്പ് പുരകൾക്കടുത്ത് മേയുന്നതിനോ, കെട്ടി സൂക്ഷിക്കുന്നതിനോ അനുവദിച്ചുകൂടാത്തതുമാകുന്നു. കെട്ടി സൂക്ഷിക്കുവാൻ പ്രത്യേക സ്ഥലമുസ്സാവുകയാണെങ്കിസ്ഥലമുണ്ടാവുകയാണെങ്കിൽ കൃത്യത്തിനു 24 മണിക്കൂർ മുമ്പായി ഇവിടെ അജ്ഞാനുസരണം കെട്ടി തീറ്റികൊടുത്ത് സൂക്ഷിക്കേണ്ടതുമാണ് .

9. കശാപ്പുപുര അതിർത്തിക്കുള്ളില് യാതൊരു വക പന്തലോ മറ്റു വിധത്തിലുള്ള മറകളോ അനുവാദം കൂടാതെ ഇടുവാൻ പാടില്ലാത്തതും എടുപ്പുകൾക്ക് കുത്തകക്കാരന്റെ നോട്ടക്കുറവിലോ പ്രവർത്തിയിലോ വല്ല കേടുപാടുകൾക്കും ഇടവരുന്നതായാല് അതിന് കുത്തകക്കാരൻ ഉത്തരവാദിയാകുന്നതാണ്.

10. അറക്കുന്നതിനുള്ള കശാപ്പുപുരകൾ കാലത്ത് 6 മണി മുതൽ 9 മണിവരെ മാത്രമേ സാധാരണയായി തുറന്നു വയ്ക്കാൻ പാടുള്ളൂ. മറ്റു സമയങ്ങളിൽ തുറന്നു വയ്ക്കേണ്ടതായാൽ കുത്തകക്കാരൻ മുൻകൂറായി ഹർജി ബോധിപ്പിച്ച് സെക്രട്ടറിയുടെ സമ്മതം വാങ്ങേസ്സതാണ്. പകൽ 10 മുതൽ 12 മണിവരെ ഉരുക്കളെ ആന്റിമോർട്ടം പരിശോധനയ്ക്കായി കാശാപ്പുശാല പരിസരത്തിനുള്ളിൽ കൊണ്ടുവരേണ്ടതാണ്.

11. അറവുമുറികളില് പ്രവർത്തിയെടുക്കുന്ന കാശാപ്പുകാരന് കേരള മുനിസിപ്പാലിറ്റിസ് ആക്ടിലെ ബന്ധപ്പെട്ട വകുപ്പുപ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതുമാകുന്നു. (Butctering Licence).

12. ഉൽപ്പാദിപ്പിക്കുന്ന മാംസം മറ്റു സാധനങ്ങള് എന്നിവ വൃത്തിയായി മൂടി മറച്ച് മാത്രമേ വെളിയിലേക്ക് കൊണ്ടുപോകുവാന് അനുവദിക്കാവൂ.

13. മുറിവുകൾ ഏറ്റവരേയും മദ്യപാനം നടത്തിയവരെയും പകർച്ചവ്യാധി മുതലായവകള് ഏറ്റവരേയും കശാപ്പുശാല പരിസരത്തേക്ക് കടക്കുവാൻ അനുവദിക്കാവുന്നതല്ല.

14. കൊന്ന മൃഗങ്ങളുടെ കുടലുകളും മറ്റും കുട്ടകളിലോ തൊട്ടികളിലോ മുടികെട്ടിയില്ലാതെ കൊണ്ടു പോകുവാൻ അനുവദിക്കുന്നതല്ല .

15. കുത്തകക്കാരൻ ഇപ്പോള് പ്രാബല്യത്തിലുള്ളവയും മേലില് കൗൺസില് ഉണ്ടാക്കുന്നതുമായ ചട്ടങ്ങൾ അനുസരിച്ച് പ്രവർത്തിണ്ടതുമാകുന്നു.

16. ഇങ്ങനെയുള്ള ചട്ടങ്ങൾ അനുസരിച്ചും നടത്താതെയും നടക്കാതെയിരുന്നാൽ സെക്രട്ടറിയ്ക്ക് ഓരോ കുറ്റത്തിനും 250/- രൂപ പിഴ കൽപിക്കാനുള്ള അധികാരമുണ്ട്.

17. മാർക്കറ്റുകളിലെ ഏതെങ്കിലും ഇറച്ചിക്കടകള് ഏതെങ്കിലും കാരണത്താൽ പ്രവർത്തിക്കുന്നില്ലെങ്കിൽ ആയതിന് കിസ്ത് ഇളവ് അനുവദിക്കുന്നതല്ല. നിബന്ധന 23-ൽ പറഞ്ഞിരിക്കുന്നതിനു പുറമേ ആയിരിക്കും ഈ വ്യവസ്ഥ. എല്ലാ തിങ്കളാഴ്ച ദിവസങ്ങളിലും, ഓണം, ദു:ഖവെള്ളിയാഴ്ച, റിപ്പബ്ലിക്ക്ദിനം, ഗാന്ധിജയന്തിദിനം, മുഹറം, ശിവരാത്രി എന്നീ ദിവസങ്ങളിലും കശാപ്പുശാല അടച്ചിടേണ്ടതാണ്. 05/11/85-ലെ 25-ാം കൗൺസില് തീരുമാനം.

18. കുത്തകക്കാരൻ സ്വന്തം ചിലവില് ആവശ്യമായ ജീവനക്കാരെ നിയമിക്കേണ്ടതാണ്.

19. കെട്ടുകൂലി ഇനത്തിൽ മാട് ഒന്നിന് 25/-രൂപയും, ആട് ഒന്നിന് 15/- രൂപയും ഈടാക്കുന്നതാണ്.

20. മാടുകളെ കെട്ടുന്ന സ്ഥലം കുത്തകക്കാരൻ സ്വന്തം ചിലവില് ദിവസവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ വായിച്ച് ബോധ്യപ്പെട്ടിട്ടുള്ളതും, ടി നിബന്ധനകൾക്ക് വിധേയമായി പ്രവൃത്തിച്ചു കൊള്ളാമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കരാറുകാരൻറെ പേര് -

ഒപ്പ് -

റവന്യൂ ഓഫീസർ,

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.

OFFICE OF THE CORPORATION OF COCHIN
ERNAKULAM, COCHIN - 11